സർ, അരയന്മാർ പ്രായേണ വിദ്യാവിഹീനരാണു്. ബഹുമാനപ്പെട്ട ജന്മി മെമ്പർ പറഞ്ഞതുപോലെയല്ല ഞാൻ ഇതു ഇവിടെ പറയുന്നതു്. രാഷ്ട്രിയമായും, വിദ്യാഭ്യാസപരമായും മറെറല്ലാതരത്തിലും പുരോഗമിച്ചിട്ടുള്ള ഒരു വലിയ സമുദായമാണു് അദ്ദേഹത്തിൻെറ സമുദായം. അങ്ങിനെ പുരോഗമിച്ചിട്ടുള്ള അദ്ദേഹത്തിൻെറ സമുദായം പുരോഗമനത്തിൻെറ പാരമ്യമായ കമ്മ്യൂണിസംവരെ എത്തിയിട്ടുണ്ടു്. അങ്ങിനെയുള്ള ഒരു സമുദായമല്ല ഞങ്ങളുടെ സമുദായം. വിരൽകൊണ്ടു എണ്ണിതിക്കാവുന്നത്ര ആളുകൾ മാത്രമെ ഞങ്ങളുടെ സമുദായത്തിൽ വിദ്യാഭ്യാസം സിദ്ധിച്ചവരുള്ളൂ. ഇങ്ങിനെയുള്ള വിദ്യാഭ്യാസവിഹീനത മാറുവാൻ ഗവൺമെണ്ടു വേണ്ട ശ്രദ്ധ ചെലുത്തേണ്ടതു അത്യാവശ്യമാണു്. ഇതിന്നു മുമ്പിലത്തെ കൌൺസിലിൽ, ഞങ്ങളുടെ സമുദായത്തിൽനിന്നും നോമിനേറു ചെയ്യപ്പെട്ട മിസ്റ്റർ കെ. എ. രാഘവൻ കൌൺസിലിൽ അവതരിപ്പിച്ചു പാസ്സാക്കിയതും പിന്നിട് ഗവൺമെണ്ടിൽനിന്നു് നിരാകരിക്കപ്പെട്ടതുമായ സൌജന്യവിദ്യാഭ്യാസ പ്രമേയത്തെ ഒന്നുകൂടി ഗവൺമെണ്ടിൻെറ ശ്രദ്ധയിൽ പെടുത്തുകമാത്രമാണു് ഈ സന്ദർഭത്തിൽ ഞാൻ ചെയ്യുന്നതു്. ഈയിടെ സെൻട്രൽ ഗവൺമെണ്ടു് ഒരു ഫിഷറിസു് കോൺഫറൻസു നടത്തി മത്സ്യബന്ധനക്കാക്കു വേണ്ടവിധത്തിലുള്ള ആനുകൂല്യങ്ങൾ കണ്ടുപിടിച്ചു അവരെ നല്ലനിലയിൽ കൊണ്ടുവരുന്നതിന്നു ആവിഷ്കരിച്ചിട്ടുള്ള പദ്ധതി ബഹുമാനപ്പെട്ട ഗവൺമെണ്ടിൻെറ സൂതണയിൽ ഉണ്ടായിരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. സൌജന്യവിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. A. Achyutan]

മേപ്പെട്ടത്തുക, സാങ്കേതിക വിദ്യാഭ്യാസത്തിനുവേണ്ട വേതനം നൽകുക, കോളനികൾ സ്ഥാപിച്ചു കടിലിൽ കിടന്നു കഷ്ടപ്പെടുന്നവരുടെ ബുദ്ധിമുട്ടുകൾ മാറുക തൊഴിലിനു് ആവശ്യമായ ഉപകരണങ്ങൾ നൽകുക, ഇങ്ങിനെയുള്ള പല പദ്ധതികളും ആണു് അതിൽ തീർച്ചയാക്കീട്ടുള്ളതു്. സെൻട്രൽ ഗവണ്മെണ്ടിനെ പല കാര്യങ്ങളിലും അനുകരിക്കുന്ന ഇവിടത്തെ ഗവണ്മെണ്ടു ഫണ്ടില്ലാവാദം പുറപ്പെടുവിക്കാതെ ഉടനടി വേണ്ട നടപടി കൈക്കൊള്ളുമെന്ന ഉത്തമവിശ്വാസത്തോടുകൂടിയാണു് ഞങ്ങൾ ഇരിക്കുന്നതു്. അങ്ങിനെ വരുമ്പോൾ വിദ്യാഭ്യാസത്തിന്റെ വിഷമതകളും തീരും.

ഫിഷ് മാർക്കറ്റിങ്ങ് സൊസൈറ്റിയെ കുറിച്ചാണു് എനിയ്ക്കു പറയുവാനുള്ളതു്. Government is the Brahma, Vishnu and Siva of co-operative Societies കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ സൃഷ്ടിയ്ക്കുന്നതും, സംരക്ഷിക്കുന്നതും, സംഹരിയ്ക്കുന്നതും ഗവണ്മെണ്ടുതന്നെയാണു്. അങ്ങിനെ നമ്മുടെ നാട്ടിലും അവഗണിക്കപ്പെടാതിരിക്കുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടു് നോക്കണം. ഇപ്പോൾ കൺട്രോൾ സാധനങ്ങൾ വിറ്റഴിയ്ക്കുന്നതിനു കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ സ്ഥാപിച്ചുവരുന്നുണ്ടു്. പക്ഷെ, അതു എത്രകാലത്തേയ്ക്കു നിലയ്ക്കും? കൺട്രോൾ ചരക്കുകൾ വിലയ്ക്കുണ്ടുകാലം കഴിഞ്ഞാൽ ഇവയെല്ലാം നശിക്കും. അതിനുശേഷവും അതുകൊണ്ടു നടക്കത്തക്കവിധത്തിലുള്ള പദ്ധതികൾ സ്വീകരിയ്ക്കാതിരുന്നാൽ വലിയകഷ്ടമാണു്. ഈ സൊസൈറ്റികൾ നടത്തിക്കൊണ്ടു പോകുന്നതിനു വേണ്ട സഹായം ഗവണ്മെണ്ടു ചെയ്യണം. ഈ കാര്യത്തിൽ പ്രധാനമന്ത്രി സൗഭരവം ശ്രദ്ധിച്ചു പ്രവർത്തിയ്ക്കുന്നുണ്ടെന്നാണു് ഞാൻ മനസ്സിലാക്കീട്ടുള്ളതു്. ഇന്നത്തെ തോതിലുള്ള നിസ്സാരമായ ലോണുകൾ യാതൊരു കാര്യത്തിനും ഉതകുന്നതല്ല. ദീർഘകാല ലോണുകൾ കൊടുത്തു ഇപ്പോൾ അവർ സ്വീകരിച്ചിരിക്കുന്ന ഇടപാടുകൾ നടത്തിക്കൊണ്ടു പോകാനുള്ള സൗകര്യങ്ങൾ ചെയ്യണം.

കടലോരപ്രദേശങ്ങളിൽ പുതുവൽ സ്ഥലങ്ങൾ ധാരാളമുണ്ടു്. മാലിപ്പുറത്തു് അഞ്ഞൂറ് ഏക്കറോളം പുതുവൽ സ്ഥലം കിടപ്പുണ്ടു്. ആവക പ്രദേശങ്ങൾ പരസ്പരസഹായസംഘത്തിന്റെ പേർ പറഞ്ഞു പതിച്ചുവാങ്ങി സ്വന്തം താല്പര്യത്തിനുവേണ്ടി ധനാഢ്യന്മാരായ ചില വ്യക്തികൾ നടത്തിക്കൊണ്ടു വരുന്നതായി അറിയുന്നു. ഏകദേശം $9\frac{1}{2}$ വെളുപ്പുതുടങ്ങി ഏതാണ്ടു വൈകുന്നേരം മൂന്നുമണിവരെ കടലിലെ ഓരോ തിരമാലയും എണ്ണി കാത്തിരിയ്ക്കുന്ന വഞ്ചിത്തിനു ഒരു കരിക്കു ഇട്ടു കുടിയ്ക്കാനുള്ള സൗകര്യം കിട്ടത്തക്കവിധത്തിൽ ഈ സ്ഥലങ്ങൾ അവക്കു പതിച്ചുകൊടുക്കുന്നതായാൽ അതു വളരെ സന്തോഷമായിരിക്കും. കുടികിടപ്പുകാരുടെ ബുദ്ധിമുട്ടിനു കുറവുണ്ടാകും. മത്സ്യബന്ധനക്കാർക്കു് അല്പം ആശ്വാസം നൽകുന്ന ഈ വക പ്രശ്നങ്ങളിൽ ഗവണ്മെണ്ടു ശ്രദ്ധചെലുത്തുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇങ്ങിനെ നോക്കിയാൽ മത്സ്യബന്ധനക്കാരുടെ സ്ഥിതി ഉയർത്തിക്കൊണ്ടുവരുന്നതിനു വളരെ വളരെക്കാര്യങ്ങൾ ചെയ്യേണ്ടതുണ്ടു്. ആവക കാര്യങ്ങളിൽ ഗവണ്മെണ്ടു് ശ്രദ്ധപതിപ്പിയ്ക്കുമെന്നുള്ള ബോദ്ധ്യത്തോടുകൂടി എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണു്. ഈവക കാര്യങ്ങൾ വളരെ ഭംഗിയായി നടത്തിക്കൊണ്ടുവരുന്നതിനു ഫിഷറി ഡിപ്പാർട്ടുമെന്റ് ഡവലപ്പു ചെയ്യണം. ഗവണ്മെണ്ടു് സർവ്വീസ്സിൽ ഞങ്ങളുടെ സമുദായത്തെ സംബന്ധിച്ചിടത്തോളം ഇന്നത്തെ നിയമമനുസരിച്ചുള്ള നിയമനങ്ങൾമാത്രം നടത്തിയാൽ പോര. ഇപ്പോൾ Numerical strength അനുസരിച്ചാണല്ലൊ നിയമനം നടത്തുന്നതു്. കുറച്ചുകൂടി വിട്ടുവീഴ്ചകൾ ചെയ്തു നിയമനങ്ങൾ നടത്തണം. ഗവണ്മെണ്ടു സർവ്വീസ്സിൽ വേണ്ടവിധത്തിലുള്ള പ്രമോഷനും മറ്റും ഇപ്പോൾ ഉള്ളവർക്കു കൊടുത്താൽ അല്പം ആശ്വാസമുണ്ടാകും. അതുപോലെ പഞ്ചായത്തുകളിലും മറ്റും സീറ്റുകൾ റിസർവ്വു ചെയ്തു കിട്ടേണ്ട പല സ്ഥലങ്ങളുമുണ്ടു്. പക്ഷെ, അതു പറയാനുള്ള സന്ദർഭം കഴിഞ്ഞുപോയി എങ്കിലും അതിനുള്ള എതെങ്കിലും സന്ദർഭം ഉണ്ടാകുമ്പോൾ ആ കാര്യത്തിലും ഗവണ്മെണ്ടിന്റെ ശ്രദ്ധ പതിയണം. ഇത്തരത്തിൽ പ്രവർത്തിച്ചു ഗവണ്മെണ്ടു് മത്സ്യബന്ധനക്കാരുടെ സ്ഥിതി നന്നാക്കിക്കൊണ്ടുവരുമെന്നുള്ള ഉത്തമവിശ്വാസത്തോടുകൂടി എന്റെ പ്രസംഗം അവസാനിപ്പിയ്ക്കുന്നു.

*മിസ്റ്റർ ഇട്ടൂര അന്ത്രുക്കൻ: സർ, കൊച്ചിയിൽ പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഈ സഭയിൽ ആദ്യമായി അവതരിപ്പിക്കപ്പെട്ട ബഡ്ജറിനെ വിമർശിച്ചുകൊണ്ടു് എനിക്കുമുമ്പു പ്രസംഗിച്ചിട്ടുള്ള ബഹുമാനപ്പെട്ട സാമാ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ജികന്മാരിൽ പലരും കൊച്ചിരാജ്യത്തിലെ പ്രജകളുടെ ഉന്നമനത്തെ ഉദ്ദേശിച്ചുകൊണ്ട് പല കാര്യങ്ങളും പറയുകയുണ്ടായി. എന്നാൽ കൊച്ചിയിലെ സാമാന്യജനങ്ങളെ, കർഷകരെ പ്രത്യേകിച്ചും കാര്യമായി ബാധിക്കത്തക്കവിധം ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നതായ ചില പുതിയ നികുതികളെ സംബന്ധിച്ചുമാത്രമാണ് എനിക്കു രണ്ടുവാക്കു പറയാനുള്ളതു്. ഫ്രഞ്ച് ഭരണത്തിലെ ബഡ്ഡറ്റ് കമ്മിയാക്കാതിരിക്കാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്കു സാധിച്ചിട്ടുണ്ട് എന്നുള്ളതിൽ ഞാൻ അദ്ദേഹത്തെ ഹൃദയംഗമമായി അഭിനന്ദിക്കുന്നു. എന്നാൽ അപ്രതീക്ഷിതമായി വരവു കുറഞ്ഞുപോയിട്ടുള്ളതിനെ നികത്തുവാൻ എടുത്തിട്ടുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ചുമാത്രമാണ് എനിക്കഭിപ്രായവ്യത്യാസമുള്ളതു്. വരവു കുറഞ്ഞുപോയാൽ അതു നികത്തുവാനുള്ള ശരിയായമാർഗ്ഗം ചിലവു ചുരുക്കുകയെന്നുള്ളതുമാത്രമാണു്. ഈ കാര്യത്തിൽ റിട്രെഞ്ച്മെൻറ് കമ്മിറ്റിയുടെ റിപ്പോർട്ടപ്രകാരമുള്ള സർവ്വ നടപടികളും ഉടനെതന്നെ ഗവണ്മെണ്ട് എടുത്തുകാണുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്നു മാത്രമല്ല, ബജറ്റിപുറമേ ആലോചിച്ചുകൊണ്ട് പുതിയ റിട്രെഞ്ച്മെൻറ കൂടുതൽ ഏർപ്പെടുത്തുന്നതായാൽ ഇന്നു മിച്ചമുണ്ടാക്കുവാൻ സാധിച്ചിട്ടുള്ള ഏകദേശം ലക്ഷം രൂപയിൽനിന്നു ഇരുപതോ, ഇരുപത്തിരണ്ടോ ലക്ഷം രൂപയാക്കി ഉയർത്താൻ സാധിക്കുമെന്നാണ് എൻറെ അഭിപ്രായം. റിട്രെഞ്ച്മെൻറ് കാര്യത്തിൽ നമ്മുടെ ഗവണ്മെണ്ടു ഇതുവരെ എടുത്തിട്ടുള്ളതും എടുക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികളും തികച്ചും ശ്ലാഘനീയമാണെന്നു എനിക്കു തോന്നുന്നില്ല. ചില്ലറ ഉദ്യോഗങ്ങളും ഇല്ലായ്മചെയ്യുന്നതുകൊണ്ടു വലിയ നേട്ടമൊന്നും ഉണ്ടാകാൻ പോകുന്നില്ല. പബ്ലിക്കു വർക്സ് ഡിപ്പാർട്ട്മെണ്ടു്, സപ്ലൈ ഡിപ്പാർട്ട്മെണ്ടു് തുടങ്ങിയ നിരവധി ഡിപ്പാർട്ട്മെണ്ടുകളിൽ അനാവശ്യവും അസ്ഥാനത്തുമുള്ള ഉദ്യോഗങ്ങളും അനവധി ഇന്നും നിലവിലുണ്ടെന്നു വ്യസനസമേതം പറയാതെ നിവൃത്തിയില്ല. ഇത്തരം വമ്പിച്ച ശമ്പളച്ചിലവുവരുന്ന ഉദ്യോഗങ്ങളെയാണ് ആദ്യമായി ഒരു ജനകീയ ഗവണ്മെണ്ടു ഇല്ലായ്മചെയ്യേണ്ടതു്. അതിനു മുതിരുമ്പോൾ ഒരുപക്ഷെ മന്ത്രിമാർക്കു പല വിഷമഘട്ടങ്ങളേയും തരണംചെയ്യേണ്ടതായി വന്നേക്കാം. എന്നാൽ ചാവ്വയോ മറ്റു ചുറ്റുപാടുകളോ നോക്കാതെ സ്ഥൈര്യം, അനാവശ്യമായ വലിയ ഉദ്യോഗങ്ങൾ നിർത്തലാക്കുന്നതിനു നമ്മുടെ മന്ത്രിമാർ മുതിരുകയാണെങ്കിൽ ഇപ്പോഴും പുതിയതായി എർപ്പെടുത്താൻ ഉദ്ദേശിക്കുന്ന പല നികുതികളും കൂടാതെ കഴിച്ചുകൂട്ടാമായിരുന്നു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി നിർദ്ദേശിച്ചിട്ടുള്ള വരവിനങ്ങളിൽ ചിലതു സ്വീകാര്യമാണെങ്കിലും അതിൽ പലതും അപ്പാടെ തള്ളിക്കളയേണ്ടതായിട്ടുള്ളതാണു്. ഇൻകം ടാക്സ്, സൂപ്പർടാക്സ് എന്നിവ വർദ്ധിപ്പിക്കുന്നതുകൊണ്ടു അതു കൊച്ചിയിലെ സാമാന്യജനങ്ങളെ കാര്യമായി ബാധിക്കുകയില്ലായെന്നുള്ളതിനാൽ ആ രണ്ടു കാര്യങ്ങളും സ്വീകാര്യമായിട്ടുള്ളതാണു്. എന്നാൽ സെയിൽസ്ടാക്സിൻറെ കാര്യം അപ്രകാരമുള്ള ഒന്നല്ല. സെയിൽസ്ടാക്സ് പ്രഥമദൃഷ്ടിയിൽ കച്ചവടക്കാരെ മാത്രമെ ബാധിക്കുകയുള്ളു എന്നു തോന്നിയേക്കാം. എന്നാൽ നാട്ടിൻപുറങ്ങളിൽ അധിവസിക്കുന്നവർ വാങ്ങുന്ന സാധനങ്ങളും നാലും അഞ്ചും ചിലപ്പോൾ ആറും, എട്ടും തവണ കൈമാറിയതിനുശേഷമാണു കിട്ടുന്നതു്. ഓരോ തവണയും ഈരണ്ടു പൈ വീതം കച്ചവടക്കാർ സെയിൽസ് ടാക്സ് എടുക്കുന്നതുകൊണ്ടു് ഒരു രൂപയ്ക്കു ഏതാണ്ടു രണ്ടണയോളംതന്നെ സെയിൽസ് ടാക്സ് സാധാരണക്കാരനു നഷ്ടപ്പെടേണ്ടതായിട്ടാണു വരുന്നതു്. അതുകൊണ്ടു് സെയിൽസ് ടാക്സ് രണ്ടു പൈയിൽനിന്നും മൂന്നു പൈ ആക്കാൻ തീരുമാനിച്ചിട്ടുള്ളതു് അഭിലഷണീയമല്ല. വേറെ ഒരു മാർഗ്ഗം ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിച്ചിട്ടുള്ളതു അഞ്ചൽ കവറിൻറെ വില മുക്കാലണയിൽനിന്നു ഒരണയാക്കുക എന്നുള്ളതാണു്. ഇന്നത്തെ റേറ്റതന്നെ യഥാർത്ഥത്തിൽ ന്യായമായിട്ടുള്ള ഒരു റേറ്റാണു്. അതിനെ ഇനിയും വർദ്ധിപ്പിക്കുന്നതായാൽ അതു സാധാരണക്കാരുടെ നിത്യജീവിതത്തെ സ്പർശിക്കുന്ന ഒന്നായിത്തീരും. ഇതു കൂടാതെ കഴിച്ചുകൂട്ടുകയായിരിക്കും നല്ലതു് എന്നാണു എൻറെ അഭിപ്രായം.

മറ്റൊരു കാര്യം പറയാനുള്ളതു് ചായത്തിൻറെയും ശീമമദ്യത്തിൻറെയും കൂട്ടത്തിൽ അടയ്ക്കയും ചകിരിയും ഉൾപ്പെടുത്തുകയെന്നുള്ളതു തികച്ചും സാഹസമാണു്. അടയ്ക്കാകൃഷി നമ്മുടെ രാജ്യത്തിൽ പ്രത്യേകിച്ചും, പൊതുവെ കൃഷി നഷ്ടത്തിലാണു് കലാശിക്കുന്നതു്. കവുങ്ങിൻതോട്ടങ്ങൾ തേവി നനക്കേണ്ടിവരുന്നതുകൊണ്ടും, വളം ചെയ്യേണ്ടിവരുന്നതുകൊണ്ടും, വളരെ ചിലവുകൾ വരുന്നുണ്ടു്. അങ്ങിനെയിരിക്കെ അടയ്ക്കയ്ക്കു വില്പനനികുതി ചുമത്തുകയെന്നുള്ളതു ഒരിക്കലും ന്യായമായിട്ടുള്ളതല്ല. ചകിരിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ കൊച്ചിയിൽ ഒന്നാംകിടയിൽ നിൽക്കുന്ന ഒരു കുടിൽ വ്യവസായമാണു് കയർപിരി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Ittierah Ambookan]

യും മടൽതല്ലും. ചകിരിക്ക വില്ലനനികുതി ചുമത്തുകയാണെങ്കിൽ അതു തെങ്ങിൻതോട്ടക്കാരായ വലിയ മുതലാളികളെ അല്ല ബാധിക്കുന്നതു്. നിത്യജീവിതത്തിനായി കഷ്ടപ്പെടുന്ന മടൽതല്ലുകാരും, ചകരിപിരിക്കാരും തീരപ്രദേശനിവാസികളുമായ പാവങ്ങളെയാണു് അതു ബാധിക്കുക. അതുകൊണ്ടു് അതിനു വില്ലനനികുതി ചുമത്തുകയെന്നുള്ളതു ഇത്തരുണത്തിൽ അഭിലഷണീയമായിട്ടുള്ള കാര്യമല്ല. ആയതുകൊണ്ടു് ഈ പുതിയ നികുതിയുടെ കാര്യം ഈ സഭ വളരെ ഗൌരവമായി ആലോചിയ്ക്കണം. യുദ്ധകാലത്തിൽ ദാരിദ്ര്യം ഉണ്ടായിരുന്നു എന്നു പറയാവുണ്ടെങ്കിലും യഥാർത്ഥത്തിൽ അന്നു സമൃദ്ധിയുടെ കാലമായിരുന്നു. ഇന്നു അപ്രകാരമല്ല. ദാരിദ്ര്യവും തൊഴിലില്ലായ്മയും ഇന്നു കൃഷിക്കാരുടേയും തൊഴിൽക്കാരുടേയും കഴുത്തിനുപിടിച്ചു ഞെക്കിതുടങ്ങിയിട്ടുണ്ടു്. അതിനാൽ ഈ പുതിയ നികുതി കൂടാതെ കഴിച്ചുകൂട്ടാനുള്ള മാർഗ്ഗത്തെ സംബന്ധിച്ചു ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയും, ഈ സഭയും കാര്യമായി പര്യാലോചിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ എം. ഐ. പോൾ: സർ, ഈ സഭയിൽ സമർപ്പിച്ചിട്ടുള്ള ബഡ്ജറിനെ സംബന്ധിച്ചു കൂലങ്കഷമായി പരിശോധിച്ചു വിമർശിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ നമ്മുടെ രാജ്യത്തെ വരവും ചിലവും വെച്ചു നോക്കുന്നതായാൽ വരവുകുറവും, ചിലവു അധികവുമായിരിക്കുന്നസമതിനിടക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ധനശാസ്ത്രപരമായ സാമർത്ഥ്യം ഉപയോഗിച്ചുകൊണ്ടു ചില പുതിയ നികുതികൾ ചുമത്തിക്കൂടുതൽ സംഖ്യ ഉണ്ടാക്കാൻ ചെയ്ത പരിശ്രമത്തിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുന്നു. ഇങ്ങിനെയുള്ള നികുതികൾ ചുമത്തി ഒന്നേമുക്കാൽ ലക്ഷം രൂപ അദ്ദേഹം മിച്ചം ഉണ്ടാക്കിയതു നമുക്കു സന്തോഷം തന്നെയാണെങ്കിലും ഇന്നു ഇന്ത്യയിലുള്ള സംഭവികാസങ്ങളും കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പ്രജാമണ്ഡലത്തിനുണ്ടായ നേട്ടങ്ങളും ആലോചിക്കുമ്പോൾ, പ്രജാമണ്ഡലം ഭരണം നടത്തുന്ന ഈ കാലഘട്ടത്തിൽ ജനങ്ങളുടെയിടയിൽ പ്രജാമണ്ഡലത്തോടുള്ള വിശ്വാസവും, അവരുദ്ദേശിക്കുന്ന ആശ്വാസവും, അവരുടെ അഭിലാഷവും നിലനിൽത്തിക്കൊണ്ടുപോകണമെങ്കിൽ യഥാർത്ഥത്തിൽ അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കേണ്ടതു അത്യന്താപേക്ഷിതമാണു്. ഇത്തരുണത്തിൽ നാം എതെല്ലാം മാർഗ്ഗങ്ങളിൽക്കൂടിയാണു് പുരോഗമിക്കേണ്ടതു എന്നുള്ള പ്രശ്നമാണു് നമ്മുടെ മുമ്പിൽ വരുന്നതു്. ക്ഷേണമില്ലാതെ പലയിടങ്ങളിലും ജനങ്ങൾ കഷ്ടപ്പെടുന്നു; പട്ടിണികിടക്കുന്നു; തൊഴിലില്ലാതെ പലരും അലസരായി നടക്കുന്നു; പാർപ്പിടമില്ലാതെ പലരും തെരുവീഥികളിൽ നടന്നുകൊണ്ടിരിക്കുന്നു; വൈദ്യസഹായമില്ലാതെ പലരും യാതനകൾ അനുഭവിക്കുന്നു. ഇങ്ങിനെയുള്ള പല ദുരിതങ്ങളും ഇല്ലാതാക്കാൻ ഇന്നുള്ള കൊച്ചീരാജ്യ പ്രജാമണ്ഡലത്തിനു സാധിക്കുമെന്നാണു് എന്റെ പൂർണ്ണമായ വിശ്വാസം. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഇതിനുള്ള പരിഹാരമാർഗ്ഗം കണ്ടുപിടിക്കേണ്ടതു് എങ്ങിനെയാണു് എന്നുള്ളതാണു് പ്രധാനപ്രശ്നം. ഇങ്ങിനെയുള്ള പുതിയ നികുതികൾ ചുമത്തിയതുകൊണ്ടു മാത്രം നമ്മുടെ സാമ്പത്തിക നില സുരക്ഷിതമായി തീരുമോയെന്നാണു് എന്റെ ചോദ്യം. ഇന്റർനാഷനൽ കോൺഗ്രസ്സിന്റേയും, പ്രജാമണ്ഡലത്തിന്റേയും, ലക്ഷ്യമായ കൊ-ഓപ്പറേറീവു കോമൺവെൽത്തു എന്ന തത്വം നടപ്പിൽ വരുത്തുവാൻ എങ്ങിനെയാണു് പ്രവർത്തിക്കേണ്ടതു എന്നാണു് നാം ആലോചിക്കേണ്ടതു്.

മിസ്റ്റർ കോടനാട്ടു നാരായണൻ നമ്പൂതിരിപ്പാടു്: കൊ-ഓപ്പറേറീവു കോമൺവെൽത്തു എന്ന തത്വം എന്താണെന്നു് explain ചെയ്യാൽ തരക്കേടില്ല.

മിസ്റ്റർ എം. ഐ. പോൾ: അതിനെപ്പറ്റി ഞാൻ പിന്നീടു പറയാം, ഈ തത്വത്തിന്റെ അടിസ്ഥാനത്തിൽ ഇന്നു കൊച്ചീരാജ്യത്തിലെ സാമാന്യജനങ്ങളുടെയിടയിൽ ഉളവായിട്ടുള്ള ആശ്വാസം നിറവേറ്റിക്കൊടുക്കേണ്ടതു നമ്മുടെ ചുമതലയാണു്. കൊ-ഓപ്പറേറീവു കോമൺവെൽത്തു എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തി ചില ചോദ്യങ്ങളും ഞാൻ അയക്കുകയുണ്ടായി. അതിന്റെ യഥാർത്ഥമായ രൂപം ഏതുതരത്തിലുള്ളതാണു്, ഇന്നു കൊച്ചീരാജ്യത്തിൽ അതു പ്രയോഗത്തിൽ വരുത്തുവാൻ പോകുന്നതു എങ്ങിനെയാണു് എന്നുള്ളതിനെ സംബന്ധിച്ചു ഗവർമ്മെണ്ടിന്റെ മുമ്പിൽ വല്ല സ്കീമുമുണ്ടോ എന്നുള്ള ഒരു ചോദ്യവും അയച്ചിട്ടുണ്ടു്. അതിനു ശരിയായിട്ടുള്ള മറുപടി ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ അവസാനത്തെ മറുപടിയിൽനിന്നു കിട്ടുമെന്നാണു് പ്രതീക്ഷിക്കുന്നതു്. അതെന്താണെന്നു പ

LIBRARY ARCHIVES Kerala Legislative Assembly

രിശോധിക്കാൻ ഞാൻ കാത്തുകൊണ്ടിരിക്കുകയാണ്. (ചിരി) അതിന്റെ അടിസ്ഥാനത്തിൽ, അതിന്റെ വെളിച്ചത്തിൽ പ്രവർത്തിക്കുന്നപക്ഷം നാം ഉദ്ദേശിക്കുന്ന ധനസ്ഥിതി ഇവിടെ വരുത്തിപ്പിക്കാനും നാം ഉദ്ദേശിക്കുന്ന സംഗതികളും ഇവിടെ നടത്താനും സാധിക്കുന്നതാണ്. ഇന്നു പല പക്ഷത്തികളേയും സംബന്ധിച്ചു പല മെമ്പർമാരും പല അഭിപ്രായങ്ങളും ഇവിടെ പറഞ്ഞിട്ടുണ്ട്. റിട്രെഞ്ച്മെന്റ് കഴിഞ്ഞാൽ ഒരു വലിയ സംഖ്യ ഉദ്യോഗം കിട്ടും, പല പുതിയ നികുതികളും ചുമത്തിയാൽ ഗവണ്മെണ്ടിന്റെ ധനസ്ഥിതി അഭിവൃദ്ധിപ്പെടും എന്നു പറഞ്ഞു അതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ പോകുന്നുണ്ട്. അതെല്ലാം നല്ലതുതന്നെ. പക്ഷേ അതുകൊണ്ടുകാര്യമായില്ല. ഇതുവെറും ഇരുട്ടുകൊണ്ട് ഓട്ടയടക്കലാണ്. യഥാർത്ഥത്തിൽ ജനങ്ങളുടെ അഭിലാഷങ്ങൾ സാധിക്കുന്നതിനുവേണ്ടി കൊ-ഓപ്പറേറ്റീവ് കോമൺവെൽത്ത് എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയാണുവേണ്ടതു്. ഒരുപക്ഷേ ഞാൻ ഇതിനെ സംബന്ധിച്ചു ഒരു അഭിപ്രായം പറയുമ്പോൾ ഇവിടത്തെ ജന്മിമാർക്കും സ്വത്തുള്ളവർക്കും ഒരു വിഷമം തോന്നിയേക്കാം. അവരാരും ധരിക്കേണ്ട ഇതു കമ്മ്യൂണിസം വരുത്തുവാൻവേണ്ടി പുറപ്പെട്ടവിക്കുന്ന ഒരഭിപ്രായമാണെന്നു്. ജന്മികൾ എതു വേണമെങ്കിലും സ്വത്തുക്കൾ ഉണ്ടാക്കികൊള്ളട്ടെ. പക്ഷേ ഒന്നുമാത്രമെയുള്ളൂ. "മേൽക്കണ്ടത്തിൽ വെള്ളമുണ്ടെങ്കിൽ ആ വെള്ളം കീഴ്കണ്ടത്തിലും വന്നുകൊള്ളണം" അങ്ങിനെ വരാതിരുന്നാൽ, അതു അണ കെട്ടിനിറുത്തിയാൽ നില്ക്കുകയില്ല. ആ അണക്കെട്ട് താനെപൊളിയും. ഇന്നു പ്രജാമണ്ഡലം ഭരണത്തിൽ ഇരിക്കുന്ന കാലത്തു ഇങ്ങിനെയുള്ള അണക്കെട്ട്, കൊച്ചി രാജ്യത്തിലെ ജനങ്ങളുടെ ശത്രുവായ ഏതെങ്കിലും ഒരു രാഷ്ട്രീയ സംഘടന, അവരുടെ പരിശ്രമത്തിന്റെ ഫലമായി, അക്രമപരമായ പരിപാടികൾവെച്ചു പൊട്ടിക്കാൻ സമയം കൊടുക്കരുതു്, അതിന്നിടവരുത്തരുതു എന്നു ഞാൻ ഗവണ്മെണ്ടിനോടപേക്ഷിക്കുന്നു. ഇവിടത്തെ ജന്മിമാരുടേയും, സ്വത്തുടമക്കാരുടേയും മേൽനിയമം ചെലുത്താതെ, നിർബ്ബന്ധം ചെലുത്താതെ അവർസന്മനസ്സോടുകൂടി ഗവണ്മെണ്ടിന്റെ ധനസ്ഥിതി വർദ്ധിപ്പിക്കാൻ പറ്റുംപ്രകാരമായിട്ടുള്ള വിധത്തിൽ പ്രവർത്തിക്കുന്നപക്ഷം വേണ്ട വിധത്തിലുള്ള സഹായസഹകരണങ്ങളും അവർക്കു ഗവണ്മെണ്ടിൽനിന്നുണ്ടാകുന്നതാണ്. അല്ലാത്തപക്ഷം നിയമംകൊണ്ടുതന്നെ അവരുടെ സ്വത്തിന്റെ ന്യായമായ ഒരു വീതം അവർക്കു യാതൊരു നഷ്ടവും കൂടാതെ ഒരു ചെറിയ ആദായത്തിൽ ലോണായി എടുത്തു ഗവണ്മെണ്ടിന്റെ സാമ്പത്തിക നില വർദ്ധിപ്പിച്ചുകൊണ്ടു് ജനങ്ങളുടെ അഭിലാഷങ്ങളും സാധിച്ചുകൊടുക്കുകയാണ് വേണ്ടതു്. ഇങ്ങിനെ ജനങ്ങളുടെ ദുരിതങ്ങളെ പരിഹരിക്കാത്തപക്ഷം, ഇവിടെ കലാപവും, വിപ്ലവവും, ദുരിതവും, കഷ്ടപ്പാടും, അസമാധാനവും നടമാടുമെന്നു ഞാൻഗവണ്മെണ്ടിനു മുന്നറിയിപ്പുനല്കുന്നു. അതുകൊണ്ടു ഗവണ്മെണ്ടു് ഈ തത്വമനുസരിച്ചു പ്രവർത്തിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ ഗവണ്മെണ്ടിന്റെ സാമ്പത്തിക നില നന്നാക്കുവാൻ വേണ്ടി ജന്മികളും ഒരു തരത്തിലും ഭയപ്പെടാതെ, അവരുടെ സ്വത്തിന്റെ ഒരു വീതം ഗവണ്മെണ്ടു് നിശ്ചയിക്കുന്ന തോതനുസരിച്ചു് സന്മനസ്സോടുകൂടി കൊടുക്കാൻ അവർ തയ്യാറാകണം. അങ്ങിനെ തയ്യാറായില്ലെങ്കിൽ അതിന്നവരെ തയ്യാറാക്കാനുള്ള ഇടവരും. ഇങ്ങിനെയുള്ള ഒരു നിർദ്ദേശമാണ് നമ്മുടെ സാമ്പത്തിക നിലയെ വർദ്ധിപ്പിക്കുന്നതിനുവേണ്ടി എനിക്കു കൂടുതലായി ഈ സഭയെധരിപ്പിക്കാനുള്ളതു്. പണമില്ലാതെ യാതൊരു കാര്യവും നടക്കുകയില്ലായെന്നുള്ളതു നമുക്കെവർക്കും അറിയാവുന്നതാണ്. ധനമുണ്ടെങ്കിൽ നമുക്കു പല നിർദ്ദേശങ്ങളും കൊടുക്കാൻ സാധിക്കും. ആദ്യം പണം ഉണ്ടാക്കുവാൻ നിർദ്ദേശങ്ങൾ കൊടുക്കുക. ഇപ്പോൾ അതാണാവശ്യം. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റേയും, പ്രജാമണ്ഡലത്തിന്റേയും, ലക്ഷ്യമായിരിക്കുന്ന കൊ-ഓപ്പറേറ്റീവ് കോമൺ വെൽത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഒരു നിയമമൊ, ബില്ലൊ, ധനകാര്യമന്ത്രി ഈ സഭയുടെ മുമ്പിൽ അവതരിപ്പിച്ചിരുന്നുവെങ്കിൽ എനിക്കു വളരെ സന്തോഷമായിരുന്നേനെ. ഒരുപക്ഷേ അദ്ദേഹം അങ്ങിനെയുള്ള നിയമമൊ, ബില്ലൊ ഇവിടെ അവതരിപ്പിക്കാതിരുന്നതു അതു ഇവിടെ കൊണ്ടുവരുന്നപക്ഷം, ജന്മിമാരുടേയും, മുതലാളികളുടേയും ഇടയിൽ വിപ്ലവമൊ, അസംതൃപ്തിയൊ, ഉളവാകുന്നപക്ഷം അവരുടെ ഉദ്ദേശം സാധിക്കുകയില്ലായെന്നുള്ള സംശയംകൊണ്ടാണെന്നാണ് എന്റെ വിശ്വാസം. പക്ഷേ ഞാൻ അഭിമാനത്തോടുകൂടി പറയുന്നു പ്രജാമണ്ഡലം ഇന്നു ഭരണത്തിലിരിക്കുന്നകാലത്തു, പ്രജാമണ്ഡലം മെമ്പർമാർ ഒരു വലിയ പ്രതിപക്ഷം ഈ നിയമസഭയിലുള്ള സ്ഥിതിക്കു കൊച്ചിരാജ്യത്തിലെ സാമാന്യജനങ്ങളുടെ ദുരിതങ്ങളെ പരിഹരിക്കുന്നതിനു എന്തെങ്കിലും നിയമമൊ, ബില്ലൊ ഇവിടെ കൊണ്ടുവരുന്നതായാൽ അതു ആ നിമിഷംതന്നെ പാസ്സാക്കിത്തരുമെന്നു ഉറപ്പുതരുവാൻ സാധിക്കും. ജനങ്ങളും ഉണ്ടെങ്കിൽ സ്റ്റോറുണ്ടു്, സ്റ്റോറുണ്ടെങ്കിൽ ജനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. I. Paul]

ഉണ്ട്. അവശമായി രമ്യപ്പെട്ട ഇവിടെ ഒരു ഭരണം നടത്തുന്നപക്ഷം നമുക്ക് സൈരമായി ജീവിക്കാം. അതല്ലാത്തപക്ഷം ഇവിടെ പലതരത്തിലുള്ള വിഷമങ്ങൾ ഉണ്ടാകുമെന്നു ഞാൻ പറയേണ്ടതിനു മുന്നറിയിപ്പു നല്കിക്കൊണ്ടു എന്റെ ഈ ചെറുപ്രസംഗത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

At this stage The Hon'ble Deputy President vacated the Chair and M.R.Ry. L. M. Pylee, (M.A., and B.L.) The Hon'ble President took the Chair.

Dr. (Mrs.) T. Francis *(Ernakulam Women):* Sir, Let me first of all congratulate the Finance Minister for the clever way he was able to present the budget for the year 1124, deducting the four months' expenditure and too in his mother tongue, and I believe it is the first in the history of the Legislative Assemblies of India that a budget is explained in the vernacular language. The occasion is unique. The budget submitted for the consideration of the House is the first to come from a ministry chosen by popular representatives elected on Adult Franchise. In studying such a budget the general welfare of the common man should be the first consideration. The standard of such welfare should naturally correspond to the intellectual advancement of the people.

That in the matter of intellectual advancement the people of the State occupy a pre-eminent position in the whole of the Indian Union is beyond question. But what is the standard of material welfare that the common man is having? Is it commensurate with his intellectual advancement? If not, what does the budget under consideration do to remedy things? This should be the main question for us as representatives of the people.

To understand the present general standard of the material welfare of the people, let us have a look at the Villages where by far the majority of the people live. To take one Village at random, look at Mulavukad just on the other side of the backwater, surrounded on all four sides with water, so closely linked with the capital city of the State, indeed almost a suburb of the capital city. What do you find there—a population of over ten thousand living mostly in miserably congested huts. There is no sanitary service and there are hardly any public latrines The result is dirt and filth almost everywhere. The contaminated atmosphere plays havoc with the health of the people. Tuberculosis, not to speak of other diseases has secured, so to say, a permanent footing in the place. There is no dispensary in the locality and there is not even a trained midwife posted in the place.

What does the budget under consideration do to remedy this state of things obtaining in the villages of the State where the majority of the people live? It is mainly through the Panchayats that the needs of the people are met. It is true that the budget allotment for the Panchayats totals rupees seven lakhs and odd but practically all this goes to meet administration charges and maintenance of old works. What is it that is alloted for original or new works—a miserable pittance of about rupees one and a half lakhs. No information is available as to how even this petty sum is to be utilised—the kind and number of the works to be undertaken. Perhaps nothing definite has been settled and decisions are to be taken on the basis of the comparative strength of the actual clamour from the villages. What a sorry state of affairs? The most essential requirements for the well being of the common man completely neglected!

I anticipate the usual answer—no funds. But has every available source of revenue been tapped? It is satisfactory to note that the income-tax, both ordinary and agricultural, has been enhanced. But is the enhancement adequate to meet the situation? Is not a further enhancement called for? While on the question of taxation it is sad to note that the sales-tax is also being enhanced. This is a tax the burden of which falls heavily on the ordinary man. Can't he be spared this additional burden? With the unsatisfactory food situation and deplorable sanitary surroundings he is hardly able to maintain his health in the villages. Is it not then hard that he should be burdened further? And if not further taxation, is there no possibility of reducing expenditure on non-essentials? There is for instance the Military. Its utility cannot be much. Perhaps it is only for ceremonial purposes that it is mainly kept up. Can't we, an enlightened people capable of giving things their true value, do without this ceremonial glamour when we know that the funds involved are sadly needed for the very life of the people?

Then the retrenchment. Well the principle adopted in making retrenchments should be whether a post is necessary or not. This principle should be strictly adhered to. No extraneous considerations such as, who occupies a particular post, etc., should be allowed.

LIBRARY ARCHIVES Kerala Legislative Assembly

It should also be a principle that in throwing out of hands from the various departments, those who are senior in service should be retained and appointed to the previous posts that are not abolished. It would be manifestly unjust if hands of longer service are thrown out and those of shorter service are retained.

The abolition of half fee concessions enjoyed by women students should be immediately restored as the effect of the abolition has been to retard the progress of the women's education in the State.

There is then the cost of the general administration. Is it not top-heavy? Besides the Ministers and their Secretaries—a Chief Secretary, two other Secretaries, a Deputy Secretary etc., etc., all highly paid. The area to be administered is after all, not larger than some of the districts of the Madras Province. Is not our administration much more costly than the administration of these districts? Is not retrenchment possible?

It is not for the pleasure of criticising that I have ventured to make these general observations. My sole purpose is to see if anything substantial can be done to raise the standard of well-being of the common man whom we in this House represent.

Now I want to mention a few other points. We have got a Health Department maintained separately by a different department altogether. I have been clamouring about this even for the last two or three years when I was a member of this House. The Health Department of Cochin is no good to the country. It is only a namesake. What is the Health Department actually doing? Are they doing anything in the way of preventive medicine. Are they knocking about and seeing the insanitary conditions of the State. Are they endeavouring to get informations from other parts of India or elsewhere and trying to prevent contagious and infectious diseases of Cochin. They do nothing. It is being fostered. We have got a Health Department and we can get an annual report. There is nothing in it. Cochin State is going from bad to worse from the health point of view. On account of the poverty our people are getting ill-nourished and the body is getting reduced and thereby the disease germs catch hold of it and T. B. has come to stay in Cochin State. I am facing the Hon'ble Minister for Public Health. Sir, You belong to the town of Trichur. As a Doctor I know that Trichur Town is infected very badly with T. B. This sort of thing must be remedied in your time. I know well that you will take all possible pains and try to remedy this state of affairs.

Sir, these two Departments, Medical and Public Health can be amalgamated. Why do we want two Departments? We want only one Department and one Director for both. In that way the Director of Public Health and the Director of Medicine should be one and the same person.

I wonder whether Cochin State is taking any pains to do anything the way the Bhore Committee in India has reported. If the Bhore Committee is read and understood well and if it is converted into practice it would have been very much better.

Now we have got another department. As an Allopathic Doctor I may be misunderstood as saying something about which I know nothing. I have no quarrel with Ayurveda. Every channel of medicine is welcome. What I say is about the ayurvedic medcine. I do not think it is necessary to have here and there several ayurvedic hospitals. The reason why I say this is that that part of the medicine cannot impart all the necessary needs the body wants. Ayurveda will be able to supply something, not all. That system has not developed much. It might have been developed in our forefather's time or in the pre-historic period. But it has gone down. What is the use of our spending such a lot of money and fostering these hospitals in different places! Are the medicines standardised? Are they examined by experts? Nothing at all? So far as I think we can minimise the number of Ayurvedic hospitals and concentrate on one or two, for instance, one at Ernakulam and one at Trichur. Make it a pucca Ayurvedic Hospitals and not a many commercial concern.

Mr. Ittiara Ambookkan *(Mala)*: What about the people of rural parts?

Dr. (Mrs.) T. Francis *(Ernakulam Women)*: The needs of the rural parts cannot be met by Ayurveda.

Now I come to the Medical Department. When I speak of the Medical Department I have to say that the good name of the Hospitals in Cochin has gone down to such low deplorable level, both with regard to the management and the internal administration of the hospital. Bribery, bribery and bribery alone. Corruption from the wall-post upwards. After entering into the inside where can the patient get accommodation? Sir, you please go and visit the

LIBRARY ARCHIVES Kerala Legislative Assembly

[Dr. (Mrs.) T. Francis]

hospitals in different parts and find out what is going on there. Two and three patients are huddled together in one bed. The accomodation in the Ernakulam General Hospital is very very insufficient. It was passed on the floor of this House unanimously that a Women's Hospital should be started in the capital town of Ernakulam. But nothing was done. Very many things have been done but this important vital need of the State was simply left out. Now there is no accommodation and it is very difficult for the people to get a bed, sir. You cannot blame the doctors.

The sanitary conditions of the towns of Cochin State are also all important to keep up the health of the people of Cochin. Because of the insufficiency of the drainage system, mosquitoes are breeded and malaria and other diseases are brought in. So proper drainage is needed; and proper cleansing of the place is needed.

There are no public latrines in Trichur, Ernakulam and Mattanchery. People come to Ernakulam, the capital town of the State and wait and spend hours and hours together to transact their business in the courts and the market places. Where are they to go, sir. There are no public latrines. Even if there are one or two here and there the very sight of them is miserable. Nobody can enter it.

Mr. President: The Hon'ble Member has only one minute more.

Dr. (Mrs.) T. Francis *(Ernakulam Women):* I request the Chair to give me five minutes.

There is another suggestion that I have to make. I request the Finance Member also to pay attention to this particular suggestion of mine. I think it is high time—that Government take up the management of the markets of Mattancheri, Ernakulam and Trichur. That will be a good income. Another thing is that the markets could be made more sanitary and more orderly that the House-wife could go and purchase things. Now they cannot go. They will never have the mind to go. Please improve it. I don't say that you must copy everything as is being done in the Moor Market. Please pay a visit to these makrets on the market days. They must not know that you are visiting as a Minister.

I also request the Government to take more pains to encourage the local industries. Of course, we cannot wait till we get our own power.

Now I come to educational changes. People talk much about educational changes. We overselves cannot change it. We can change only discipline and other things. The other things must be done by the universities. It would be very advisable if a women's college, something like the Irwin College, is started in Cochin State. If Kerala Province come to pass, then we could have a Kerala University and the necessary changes in the system of education.

Sir by stopping the half fee concessions to Girl Students of Cochin the progress of the literary education of the girls have been retarded. So I request the Government to withdraw the order and allow them the half rate fees as before.

മിസ്റ്റർ സി. വി. ഇയ്യു: ഫ ഫ ഫ ർ-ലെ രണ്ടാമത്തെ ബഡ്ഡ്ഗറ്റ് ഈ നിയമസഭയിൽ അവതരിപ്പിക്കുന്നതിനു് ഇടയാകുമെന്നുള്ള സംഗതിയെക്കുറിച്ചാലോചിക്കുമ്പോൾ, ആ ബഡ്ഡ്ഗറ്റ് സന്തോഷപ്രസ്സരം സ്വാഗതം ചെയ്യുക്കവിധം, സാധാരണക്കാരന്റെ നന്മക്കു വളരെ അധികം പ്രയോജകീഭവിക്കത്തക്കവിധം പ്രജാമണ്ഡലം ഭരണസമിതി അവരുടെ തിരഞ്ഞെടുപ്പു വിജ്ഞാപനത്തിൽ പ്രകീർത്തിച്ചിട്ടുള്ള നല്ല കാര്യങ്ങളാൽ അനുഗ്രഹിക്കപ്പെട്ടിട്ടുള്ള രാമരാജ്യത്തെ വിഭാവനം ചെയ്തിട്ടുള്ള ബഡ്ഡ്ഗറ്റ് ആയിരിക്കാം ഈ ബഡ്ഡ്ഗറ്റ് എന്നായിരുന്നു ഞാൻ കരുതിയിരുന്നതു്. ബഡ്ഡ്ഗറ്റ് കയ്യിൽ കിട്ടിയപ്പോൾ പതിവുവിട്ട പുസ്തകം കുറെ വലുതാണല്ലൊ എന്നു വിചാരിച്ചു. ഞാൻ ഫ ഫ ഫ വരെ മെമ്പർ ആയിരിക്കുമ്പോൾ ആഗ്രഹിച്ച കൂട്ടത്തിൽ പലതും ഇതിൽ ഉൾക്കൊണ്ടിരിക്കുമെന്നു കരുതി. എന്നാൽ ഇതു് ബ്രിട്ടീഷ് ആധിപത്യം ഉണ്ടായിരുന്നപ്പോൾ പതിവുള്ളപോലെ പണത്തിന്നു ബുദ്ധിമുട്ടുണ്ടാകുമ്പോൾ നികുതി കൂട്ടുക എന്ന (Bureaucratic) ബ്യൂറോക്രാറ്റിക് തത്വത്തെ അടിസ്ഥാപ്പെടുത്തി തയ്യാറാക്കീട്ടുള്ള ഒരു ബഡ്ഡ്ഗറ്റാണെന്നു് മനസ്സിലാക്കുവാൻ ഇടയായതിൽ ഞാൻ വ്യസനിക്കുന്നു. ഇങ്ങിനെ ഒരു ബഡ്ഡ്ഗറ്റ് ഉണ്ടാക്കുവാൻ ഇടയാക്കിത്തീർത്ത ധനകാര്യമന്ത്രിയുടെ ദയനീയാവസ്ഥയിൽ ഞാൻ അനുശോചിക്കുകയും ചെയ്യുന്നു. അദ്ദേഹം ധനകാര്യം കൈകാര്യം ചെയ്യാൻ പുറപ്പെടുന്ന അവസരം ഏതാണു്, Money Market tight ആ

LIBRARY ARCHIVES Kerala Legislative Assembly

യിരിക്കുന്ന കാലത്താണ്". അതായതു് പണത്തിനു പ്രയാസമുള്ള കാലം. രാജ്യത്തിൽ പൊതുവെ ധനക്ഷാമം ബാധിച്ച കാലം; വസ്തുവില കുറഞ്ഞു വരുന്ന കാലം; തൊഴിലില്ലായ്മ വർദ്ധിച്ച കാലം അബ്കാരി നികുതിക്കും മറ്റും വളരെ താഴ്ചവന്ന കാലം; ഇങ്ങിനെ പല വിധത്തിൽ വിഷമം പിടിച്ച ഒരു കാലത്താണു് അദ്ദേഹം ഇതിൽ ഏർപ്പെടുന്നതു്. ആ നിലക്ക് ഫ്രൻ ർ ൭ ആഗസ്റ്റ് ഫ ൪-ാംതിയ്യതി നമുക്കു ലഭിച്ച മഹത്തായ സ്വാതന്ത്ര്യം വളരെ വില കൂടിയ സ്വാതന്ത്ര്യമായി പരിണമിച്ചു എന്നു് ഇന്നത്തെ സ്ഥിതിവിവര കണക്കുകൾ വായിച്ചപ്പോളാണു മനസ്സിലാകുന്നതു്. ബ്രിട്ടീഷ് ആധിപത്യം നിലനിന്നിരുന്ന കാലത്തു് ർ ൽ ചിലചാനംലക്ഷം രൂപാ കൊച്ചീക്കു വരവുണ്ടായിരുന്ന നമ്മുടെ പൂർവ്വികന്മാരുടെ കാലത്തു് രണ്ടുലക്ഷത്തിൽ ചിലചാനം രൂപാ കപ്പം ചുമത്തിയിരുന്ന എന്നുള്ളതുകൊണ്ടാണു് ഞാൻ പറയുന്നതു്. എന്നാൽ അതിനു മുമ്പുള്ള കാലത്തെ സ്ഥിതികളെ വെച്ചു നോക്കിയിട്ടുവേണം അതു് ആലോചിക്കാൻ. നമ്മുടെ രാജ്യത്തിൽനിന്നും സാമൂതിരിയും തിരുവിതാംകൂറും പിടിച്ച രാജ്യങ്ങളും തിരിച്ചു തരാമെന്ന കരാറിന്മേലാണ് ആ കപ്പം ചുമത്തിയതു്. നമ്മുടെ രാജ്യത്തെ ഭരിച്ചിരുന്ന അന്നത്തെ മന്ത്രിമാരുടേയും, ഇന്നത്തെ പ്രധാനമന്ത്രിയുടെ പൂർവ്വികനും ഭാഗ്യസ്മരണാർഹനുമായ ദിവാൻ ശങ്കര വാരിയരുടെ തന്നെയും മഹനീയ സേവനങ്ങളെ അനുസ്മരിക്കാൻ എന്റെ മനസ്സിനു് ഇട വരുത്തത്തക്കവിധം, അദ്ദേഹത്തിന്റെ അനന്തര കാലത്തു് ഈ ബഡ്ജറ്റ് അവതരിപ്പിക്കുവാൻ ഇട വരുത്തിയതിൽ മന്ത്രിമാരോടു പൊതുവേയും, ബഹുമാനപ്പെട്ട പ്രധാന മന്ത്രിയോടു പ്രത്യേകമായും ഞാൻ അനുശോചിക്കുന്നു. (ചിരി) പണമില്ല എന്ന കാരണത്തിന്മേൽ, പണമുണ്ടാക്കുവാൻവേണ്ടി മാത്രം നികുതി ചുമത്തുക എന്നുള്ള കാര്യത്തിൽ, ജനകീയമന്ത്രിസഭാനിർമ്മാണം പ്രജാമണ്ഡലം പ്രതിനിധികൾതന്നെ ആയാലും വളരെ എളുപ്പത്തിൽ ഇപ്പോൾ ജനകീയമന്ത്രാലയാതാകേണ്ടി വന്നിരിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇന്ത്യാഗവർമ്മെണ്ടിന്റെ കരട് ഭരണഘടനയിലെ ചില വകുപ്പുകളൊക്കെ വായിച്ചു. അതിൽതന്നെ പറഞ്ഞിട്ടുള്ളതും ഇവിടെ ചുമത്താവുന്നതുമായ വേറെ ചില നികുതികളുണ്ടായിരുന്നു. ആവക നികുതിയൊന്നും ചുമത്തീട്ടില്ല. അതിൽതന്നെ ഇന്ത്യാഗവർമ്മെണ്ടു പിരിച്ചു നമുക്കു തരത്തക്കവിധം ചില നികുതികളുമുണ്ടു്. ഉദാഹരണമായിട്ടു് Excise duty for Medicine, for Toilet proparations മുതലായവ. അതെ നികുതിതന്നെ സ്റ്റോറിലും നികുതിയായി പിരിക്കാവുന്നതാണു്. അഞ്ചൽ കവറിനു് ഒരണയാക്കിട്ടുണ്ടു്. കാർഡിനു വില കൂറച്ചിട്ടുമില്ല ഈ വിധത്തിലുള്ള ചില നികുതികൾചുമത്തിയിട്ടു് അതുകൊണ്ടും പോരാതെ വരുന്നപക്ഷം മാത്രമേ കൂടുതൽ നികുതി ചുമത്തേണ്ടതുള്ളു. ബഡ്ജറ്റിൽ ചുമത്താത്തതും ഒന്നിലും പെടാത്ത പല ഇനങ്ങൾക്കും നികുതി ചുമത്താവുന്നതുണ്ടു്. സാധാരണക്കാരന്റെ നികുതിഭാരം ഇപ്പോൾ വർദ്ധിക്കുകയാണു ചെയ്തിട്ടുള്ളതു്. പഞ്ചസാരക്കു് ഒരു ഡ്യൂട്ടി ചുമത്തുന്നതോ? സാധുക്കളായ ആളുകൾ ശർക്കരയൊ, ചക്കരയൊകൊണ്ടു തൃപ്തിപ്പെടും. അതു പോരെന്നു കരുതി പഞ്ചസാര വാങ്ങണമെന്നു കരുതുന്ന പണക്കാർക്കു് നികുതി ചുമത്താമല്ലൊ. അതുപോലെ Luxuries-നു് silk മുതലായ വില കൂടിയ വസ്ത്രങ്ങൾക്കും മറ്റും നികുതി കൂട്ടുന്നപക്ഷം അതു പണക്കാരെ മാത്രമെ ബാധിക്കുകയുള്ളു. ഇപ്പോഴത്തെ നികുതിഭാരംമൂലം പാവപ്പെട്ട സാധാരണക്കാരെന്നല്ലാതെ ധനവാന്മാരായ വലിയ ആളുകൾക്കു് ഒരു കോട്ടവും തട്ടുന്നില്ല. പിന്നെ Death Duty ചുമത്താം. ഞാൻ മരിച്ചാൽ എന്റെ സ്വത്തിനു് അവകാശികളുണ്ടാകും. മക്കളില്ലെങ്കിലും മരുമക്കളും മറ്റു അവകാശികളും ഉണ്ടാകും. അവക്കു സ്വത്തിനു അവകാശം സ്ഥാപിച്ചു കിട്ടുന്നതിനു് ഒരു നികുതി ചുമത്തുന്നതിൽ വിരോധമില്ല. വലിയ വലിയ പണക്കാരായ ബിർളാമാരിവിടെയില്ലെങ്കിലും ചാക്കോളകളുണ്ടു്. അത്തരം ആളുകൾക്കു് ബാധിക്കത്തക്കവിധം പിന്തുടർച്ചാവകാശഡ്യൂട്ടി ചുമത്തുകയാണെങ്കിൽ അതിൽ വലിയ നഷ്ടമൊന്നും ഇല്ല. ആവകയൊന്നും ചെയ്തിട്ടില്ല. മദ്രാസ് കോർപ്പറേഷന്റെ അതൃത്തിക്കകത്തുമാത്രം നിലവിലുള്ള വസ്തുവില്പന നികുതി ഇവിടേയും ചുമത്തുവാൻ ഒരു ബിൽ കൊണ്ടുവന്നിട്ടുണ്ടു്. മദ്രാസിൽ ഇതു് കോർപ്പറേഷനതൃത്തിക്കകത്തു മാത്രമെ ബാധകമാക്കീട്ടുള്ളു. ൨, ൪൦൦ കയിൽ കൂടുതൽ വിലയുള്ള ഭൂമികൾക്കാണു് ഈ നികുതി ചുമത്തുന്നതു്. ആ നിലക്കു് തൊഴിലാളികൾക്കും കൃഷകന്നും വലിയ വിഷമം നേരിടുന്നുണ്ടു്. ഗസ്റ്റ് ഹൌസിൽ ജോലിക്കാരനായ ഒരു വാച്ചുമാനു എറണാകുളം പട്ടണത്തിൽ ഒരു ഭൂമിയുണ്ടു്. അതു വിറ്റാൽ മുവ്വായിരം ഉറുപ്പിക കിട്ടുമെന്നു് അയാൾ പറഞ്ഞു. ആകെയുള്ള മുതൽ അതാണു്. അയാൾക്കു് ഈ പുതിയ നികുതി ചുമത്തുന്നതുമൂലം ആ വസ്തു വില്ക്കുവാനോ അയാളുടെ കടങ്ങൾ വീട്ടുവാനോ സാധിക്കുന്നതല്ല. ഈ ഡ്യൂട്ടി വസ്തു വില്ക്കുന്നവ

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. V. Iyyu]

നൊ വാങ്ങുന്നവനൊ ആരാണ് വഹിക്കേണ്ടതെന്ന തീർച്ചയാക്കീട്ടില്ല. അത്തരം നികുതി മലബാറിലൊ, കോയമ്പത്തൂരിലൊ ഒരിടത്തുമില്ല എന്നാണ് യാദൃശ്ചികമായിട്ട മനസ്സിലാകുന്നത്. ഇതിനെപ്പറ്റി ഞാൻ കൂടുതലായി അന്വേഷിക്കുന്നുണ്ട്.

Sales-tax ഉ കൊല്ലം മുമ്പാണ് ഇവിടെ ചുമത്തിയതു്. ചുമത്തുന്നകാലത്തു് അന്നത്തെ നിലയിൽ ഇതു് സാധുക്കളായ ഉപഭോക്താക്കളെ ബാധിക്കുമെന്നു് കരുതിയിരുന്നില്ല. എന്നാൽ ഇന്നത്തെ നിലയിൽ അതു പാവപ്പെട്ടവർക്കു ഒരു വലിയ ഭാരമായിട്ടാണു് തീർന്നിട്ടുള്ളതു്. ഇങ്ങിനെ ഓരോന്നും നോക്കിയാൽ സാധുക്കളെ കഷ്ടപ്പെടുത്തുന്ന നികുതികളെ ഇവിടെയുള്ളു. അതുകപ്പാടെ നോക്കിയാൽ ഉപ്പുനികുതി മാത്രമെ ഈ നാട്ടിൽനിന്നു പോയിട്ടുള്ളു. മഹാത്മജി അതൊരാദർശമായി സ്വീകരിച്ചു അതിന്നുവേണ്ടി Fight ചെയ്തതുകൊണ്ടു് അതു നടപ്പിൽ വന്നിട്ടുണ്ടു്. അതല്ലാതെ മറ്റെല്ലാ നികുതികളും ഗവണ്മെണ്ടു വർദ്ധിപ്പിക്കാനാണു നോക്കുന്നതു്. വിദേശഗവണ്മെണ്ടു അങ്ങിനെ നികുതി ചുമത്താൻ നോക്കുമെങ്കിലും നമ്മുടെ ദേശീയഗവണ്മെണ്ടുകൾ അതിന്നു തുനിയരുതു്. സാധുക്കളെ രക്ഷിക്കേണ്ടതാണു് നമ്മുടെ ഗവണ്മെണ്ടിന്റെ ചുമതല. അടക്കുക്ക സേയിൽസ്ടാക്സു് ചുമത്തിയതാണു് ഏറ്റവും കഷ്ടം. ഇന്ത്യാഗവണ്മെണ്ടു ചുമത്തിയ എക്സൈസു് ഡ്യൂട്ടി കഴിഞ്ഞ കൊല്ലത്തിലാണു് വിട്ടുപോയതു്. അടയ്ക്കാകൃഷിക്കാർക്കു സംഘടിക്കുന്നതിനൊ അതുവഴി അവരുടെ ആവശ്യങ്ങൾ സാധിക്കുന്നതിനൊ സാധ്യമല്ല. അടയ്ക്കാഡ്യൂട്ടി ഉപഭോക്തൃക്കളിൽനിന്നു പിരിക്കണമെന്നാണു് പറയുന്നതു്. പക്ഷെ ഫലത്തിലുണ്ടായതു് അടയ്ക്കാകൃഷിക്കാർ കൊടുക്കേണ്ടതായിട്ടാണു് വന്നുകൂടുക. ഉപഭോക്താക്കൾക്കു വളരെയധികം സംഘടനാശക്തിയുള്ളതുകൊണ്ടു് നികുതി ചുമത്തിയതു അവർക്കാണെങ്കിലും പിരിക്കുന്നതു അവരിൽ നിന്നല്ലെന്നു് നമ്മൾക്കു കാണ്മാൻ കഴിഞ്ഞിട്ടുണ്ടു്.

പിന്നെ തെക്കൻ കൊച്ചിയിൽ എന്തെങ്കിലും നികുതി ചുമത്തുന്നുണ്ടെങ്കിൽ അതേനികുതി തിരുവിതാംകൂറിൽ ഉണ്ടോ എന്നു നോക്കീട്ടുവേണം. തെക്കൻ കൊച്ചി മിക്കവാറും തിരുവിതാംകൂറിനാൽ ചുറ്റപ്പെടിക്കുന്ന ഒരു വലിയ ദ്വീപാണു്. തിരുവിതാംകൂറിൽ ആ നികുതിയില്ലെങ്കിൽ അതുകൊണ്ടു് ഇവിടത്തെ വാണിജ്യവ്യവസായം മോശമാകും. ഇവിടെയുള്ള ആളുകൾ അവിടെ പോയി വാണിജ്യവ്യവസായങ്ങളിൽ ഏർപ്പെട്ടാൽ നമുക്കു സാരമായ നഷ്ടത്തിനിടയാകും. അവിടെനിന്നുണ്ടാക്കി ഇവിടെക്കയക്കുന്ന മിക്കതിനും വില്പന നികുതി അല്ലാതെ നമ്മൾക്കു മറ്റൊരു നികുതിയും ചുമത്താൻ കഴിയുകയുമില്ല. അതിനാൽ ആ കാര്യം തിരുവിതാംകൂർ ഗവണ്മെണ്ടുമായി ആലോചിച്ചു വേണ്ടതു് പ്രവൃത്തിക്കുന്നതാണു നല്ലതു്. അതു് നമ്മുടെ വാണിജ്യവ്യവസായാഭിവൃദ്ധിക്കും നിലനില്പിന്നും അത്യാവശ്യമാണു്. ഇന്ത്യാഗവണ്മെണ്ടിന്റെ കരട് ഭരണഘടന 278-ാം വകുപ്പിനെ കുറിച്ചു ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇന്നലെ പറഞ്ഞു. 278-ാം വകുപ്പിനെ സംബന്ധിച്ചിടത്തോളം, ആദായനികുതി മുഴുവൻതന്നെ ഒരു സ്റ്റേറ്റിനാവശ്യമായാൽ വിട്ടുതരുന്നതിനു ഇന്ത്യാഗവണ്മെണ്ടു സന്നദ്ധമായിട്ടുള്ള ഒരു പരിതഃസ്ഥിതി അദ്ദേഹം ഇന്നലത്തെ പ്രസംഗത്തിൽ പറഞ്ഞു. അതുപ്രകാരം ഇന്ത്യാഗവണ്മെണ്ടുമായി യോജിച്ചു നടത്തപ്പെടുന്ന നികുതി എത്ര ശതമാനമാണു് നമ്മൾക്കു നഷ്ടപ്പെടേണ്ടിവരിക എന്നതു് തീരുമാനിച്ചിട്ടില്ല. ആദായനികുതി എത്രയാണു് കിട്ടുക എന്നതു കഴിഞ്ഞ കൊല്ലത്തെ കണക്കുകൊണ്ടു് നമ്മൾക്കറിയാം. അതിൽനിന്നു എത്രയാണു് നമ്മൾക്കു കൊടുക്കേണ്ടിവരികയെന്നു് നമ്മൾക്കറിഞ്ഞുകൂടാ. ഒരുപക്ഷെ നമുക്കു് അവിടത്തെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി പരിഗണിച്ചു ഒന്നുംകിട്ടാതെയും വന്നേക്കാം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതൊക്കെ ഫെഡറേഷനിൽ ചേരുമ്പോൾ ഉണ്ടാകുന്ന കാര്യങ്ങളാണു്, ഇപ്പോഴുണ്ടാകുന്നതല്ല.

മിസ്റ്റർ സി. വി. ഇയ്യു: ഫെഡറേഷനിൽ ചേരാതെ നിവൃത്തിയില്ലല്ലൊ.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ Budget year-ൽ ഉണ്ടാകയില്ല. ഫെഡറേഷനിൽ ചേരുമ്പോഴെ അങ്ങിനെ വരികയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. വി. ഇയ്യു : കൊച്ചിരാജ്യം മദ്രാസ് പ്രോവിൻസുമായി മെർജ് ചെയ്യുകയാണ് നല്ലതു എന്ന നിലക്ക് ഉടനെ വന്നുകൂടും. അങ്ങിനെ ചെയ്യുകയാണെങ്കിൽ ഇപ്പോഴത്തെതിനേക്കാൾ നമ്മൾക്ക വളരെ ഗുണമാണെന്നു തോന്നുന്നു. എന്തായാലും കൊച്ചി ഫെഡറേഷനിൽ ചേരുന്നപക്ഷം—ചേരാതെ ഗത്യന്തരമില്ല—നമ്മളുടെ സാമ്പത്തിക പ്രശ്നം കാര്യമായി ശ്രദ്ധിക്കണമെന്നു പ്രത്യേകിച്ചു കോൺസ്റ്റിറ്റ്യുവൻറ് അസംബ്ലി മെമ്പർക്കുടിയായ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോടു ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ഈ ബഡ്ജറ്റിൽ അരിയുടെ വില കുറക്കുവാനോ കഷ്ടകനിൽനിന്നു വാങ്ങുന്ന നെല്ലിനു വില കൂട്ടുവാനോ യാതൊരു പരിശ്രമവും ചെയ്തു കാണുന്നില്ല. ഇന്ത്യാഗവൺമെണ്ടിൽനിന്നു ഒരു സബ്സിഡി തരാമെന്നുവെച്ചിട്ടുണ്ടു്. കൃഷിക്കാർക്കു നെല്ലിനു പറക്കു ഒരു രൂപ ആറണ കിട്ടിയാൽ പോരാ. തിരുവിതാംകൂറിലും മദ്രാസിലും വില കൂട്ടിട്ടുണ്ടു്. ഫുഡ് പ്രൊഡക്ഷനു വെച്ചിരിക്കുന്ന തുക തുലോം തുച്ഛമാണെന്നു ഒരു മെമ്പർ പ്രസംഗിക്കുകയുണ്ടായി. അതിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കഴിഞ്ഞാൽ ബാക്കി നാനൂറൊ, അഞ്ഞൂറൊ രൂപ മാത്രമെയുള്ളുവെന്നു് അദ്ദേഹം പറഞ്ഞതു ശരിയാണു്. അതിനു് കൂടുതൽ പണം വെക്കേണ്ടതായിരുന്നു. ഇനിയെങ്കിലും അതു ചെയ്യണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ : പെരിങ്ങൽകുത്തു പദ്ധതിയെപ്പറ്റിയല്ല, സെക്കൻറ് റിസർവ്വ്സർവെ സംബന്ധിച്ചുമാത്രമാണു് അന്വേഷണം നടത്തിട്ടുള്ളതു്.

മിസ്റ്റർ സി. വി. ഇയ്യു: വളരെയധികം പണം ചോദ്യുണ്ടായിട്ടുണ്ടു്; അതിനെ കുറിച്ചൊക്കെ അന്വേഷണം നടത്തീട്ടുണ്ടെന്നാണു് ഞാൻ അറിഞ്ഞിട്ടുള്ളതു്. പത്രങ്ങളിൽ അങ്ങിനെയാണു കണ്ടിട്ടുള്ളതു്. അതിനെപ്പറ്റി അന്നത്തെ ഗവൺമെണ്ടു തെറ്റാണെന്നു് പറഞ്ഞിട്ടുമില്ല.

മിസ്റ്റർ കെ. അയ്യപ്പൻ : അങ്ങിനെയല്ലെന്നു മേലാൽ ധരിച്ചാൽകൊള്ളാം.

മിസ്റ്റർ സി. വി. ഇയ്യു : പത്രത്തിൽ കണ്ടതു അങ്ങിനെയാണു്. അതു വിധമല്ലെന്നു ഇന്നത്തെ ബഹുമാനപ്പെട്ട മരാമത്തു മന്ത്രി ചാർജ്ജു് ഏറ്റതിനുശേഷവും പറഞ്ഞിട്ടില്ല. മുമ്പു അറിഞ്ഞതവിധമല്ലെന്നു ഇപ്പോൾ പറഞ്ഞപ്പോൾ അതൊരു പുതുമയായി തോന്നുന്നുണ്ടു്.

ഈ ബഡ്ജറ്റ് നിയമസഭയിൽ അവതരിപ്പിക്കുന്നതിനുമുമ്പു് അതു Leak ചെയ്തുവെന്നു് (പുറത്തായെന്നു) പൊതുവെ വർത്തമാനമുണ്ടു്. അതും നമ്മുടെ ധനകാര്യമന്ത്രി മദ്രാസ്സിൽ പോയിരുന്നപ്പോൾ അവിടത്തെ പത്രങ്ങൾക്കു അദ്ദേഹം കൊടുത്ത വിവരങ്ങൾ മദ്രാസ്സിലെ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയതാണു് കാണാനിടയായതു്. ഇവിടത്തെ പത്രങ്ങളിൽ കണ്ടതിനെ കുറിച്ചു ഞാൻ പറയുന്നില്ല. എന്തായാലും ഇവിടത്തെ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുമുമ്പു് ബഡ്ജറ്റ് ലീക്കേജാകുകയെന്നുള്ളതു് ശരിയല്ല. അതുകൊണ്ടു് പല തകരാറും വരാം. കോർട്ടഫീ കൂട്ടിയതുകൊണ്ടു് പലരും സിവിൽ കേസു കൊടുക്കുന്നതിനിടയായിട്ടുണ്ടു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : കേസ് കൊടുക്കുന്നതിനു് നികുതി കൂട്ടീട്ടില്ല.

മിസ്റ്റർ സി. വി. ഇയ്യു : ഈ ബഡ്ജറ്റ് നിയമസഭയിൽ അവതരിപ്പിക്കുന്നതിനുമുമ്പു അതിലെ സംഗതി പുറത്തായതിനെ കുറിച്ചു ധനകാര്യമന്ത്രി നാളെ Explanation തന്നാൽ കൊള്ളാം.

നിയമസഭയിലേക്കുള്ള നോമിനേഷനെ കുറിച്ചു് വളരെ പരാതികളുണ്ടു്. ഞാറ്റോ ഇന്ത്യൻ പ്രതിനിധിയെ നോമിനേറ്റ ചെയ്ത കാര്യത്തിൽ ആ സമുദായ സംഘടനക്കു വളരെ ആക്ഷേപമുണ്ടു്. അവർ പറയുന്ന പ്രതിനിധിയെ ഗവൺമെണ്ടു നോമിനേറ്റ ചെയ്യണമെന്നു് പറയുന്നില്ല. ഇപ്പോൾ നോമിനേറ്റ ചെയ്തിരിക്കുന്ന നോമിനേഷൻ എതുക്കേണ്ട ആവശ്യവും ഇല്ല. എന്നാൽ ഗവൺമെണ്ടു ആംഗ്ലോ ഇന്ത്യൻ സമുദായത്തിനോടു ഒരു Panel ചോദിച്ചു വാങ്ങിച്ചുവെന്നും അതിൽനിന്നും എടുത്തു നോമിനേറ്റ് ചെയ്തില്ല എന്നും കേൾക്കുന്നുണ്ടു്. അതിൽ ഏതാണു് ശരി എന്നു അറിഞ്ഞാൽകൊള്ളാം.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ : ഗവൺമെണ്ടു അങ്ങിനെ ചോദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. വി. ഇയ്യു: അപ്പോൾ ഞാൻ കേട്ടതു നേരുകേടാണു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കേട്ടിട്ടുള്ള അനേകം നേരുകേടുകളിൽ ഒന്നുമാത്രമാണു്. (ചിരി).

മിസ്റ്റർ സി. വി. ഇയ്യു: ജൂതന്മാരിൽനിന്നു് ഒരാളെ നോമിനേറ്റു് ചെയ്യാഞ്ഞതു ശരിയായില്ല. വളരെക്കാലമായി ഈ രാജ്യത്തിൽ കുടിയേറിപ്പാർത്തു ഇവിടത്തെ മതസഹിഷ്ണുതയുള്ള ഹിന്ദുരാജാക്കന്മാരുടെ സ്നേഹവിശ്വാസങ്ങൾക്കു് പാത്രീഭൂതരായി ഒരു പ്രത്യേക സംസ്കാരത്തോടുകൂടി ഏ, ാ ാ കൊല്ലത്തിലധികംകാലം ഇവിടെ മാനമായും മര്യാദയായും ജീവിച്ചുവരുന്ന ജൂതസമുദായത്തിനു പ്രാതിനിധ്യം കൊടുക്കാതെയിരുന്നതു് ശരിക്കലും നന്നായില്ല. ഈ കാര്യം വീണ്ടും ആലോചിക്കണമെന്നു് ഗവണ്മെണ്ടിനോടു ഞാൻ ഉപാശ്രയം ചെയ്തുകൊള്ളുന്നു.

ഇനിയും ഈ സഭയുടെ സമയം കൂടുതൽ എടുക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ആദ്യമായി മലയാളത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ചതിനു ഞാൻ അദ്ദേഹത്തിനെ അനുമോദിക്കുന്നു.

മിസ്റ്റർ കെ. ടി. അച്യുതൻ: സർ, ഈ തവണത്തെ ബഡ്ജറ്റ് സമർപ്പണം കഴിഞ്ഞ കാലങ്ങളിലേതുപോലെയല്ല, ഒരു കൊല്ലത്തിന്റെ മദ്ധ്യത്തിൽ ഒരു പുതിയ മന്ത്രിസഭവന്നു ഒരു ബഡ്ജറവതരിപ്പിക്കുക പതിവില്ല. അതുകൊണ്ടു ഒരു സപ്ലിമെന്റ് കൊണ്ടുവരുന്നുവെന്നല്ലാതെ ബഹുമാനപ്പെട്ട ക്ഷുണ്ണംകുളം മെമ്പർ ആക്ഷേപിച്ച തരത്തിൽ ആക്ഷേപിക്കുന്നതിനു പറ്റിയ തരത്തിലുള്ള ഒരു ബഡ്ജറല്ല ഇതെന്നു അദ്ദേഹത്തിന്നുതന്നെ അറിയാം. അതുകൊണ്ടു പ്രജാമണ്ഡലത്തിന്റെ ആദർശങ്ങൾ ഒന്നും നടപ്പിൽ വരുത്താൻ ശ്രമിച്ചിട്ടില്ലെന്നു പറഞ്ഞു ആക്ഷേപിക്കുന്നതിനു അർത്ഥമില്ല. വരുന്ന കൊല്ലത്തെ ബഡ്ജറു് നോക്കിയാണു് മിസ്റ്റർ ഇയ്യു അങ്ങിനെ ആക്ഷേപിച്ചിരുന്നതെങ്കിൽ അതു സമ്മതിക്കാമായിരുന്നു. പ്രജാമണ്ഡലം മന്ത്രിസഭ ഭരണത്തിൽ വന്നിട്ടു രണ്ടുമാസം പോലും ആയിട്ടില്ല. ഇപ്പോൾ സെൻട്രൽ അസംബ്ലിയിൽ തന്നെ പറയുകയുണ്ടായി ഒരു കൊല്ലത്തിനു ശേഷം മാത്രമെ ശരിയായി ഭരണം നടത്താൻ സാധിക്കുകയുള്ളുവെന്നു്.

മിസ്റ്റർ സി. വി. ഇയ്യു: പ്രജാമണ്ഡലത്തിനു ഇതിനു മുമ്പു ഏതു മാസത്തെ ഭരണപരിചയമുണ്ടു്.

മിസ്റ്റർ കെ. ടി. അച്യുതൻ: അതു പലരും ചേർന്നുള്ള ഒരു കൂട്ടു മന്ത്രിസഭ ആയിരുന്നു. മിസ്റ്റർ ഇയ്യു പിറന്ന ഒരു കാര്യം ഞങ്ങളും നടത്താം. അതായതു പടിഞ്ഞാറൻ ഭാഗങ്ങളിൽനിന്നു മത്സ്യം പിടിച്ചു കൂടുതൽ ഭക്ഷണത്തിനുപയോഗിക്കാമെന്നു്. മത്സ്യം ദിവസേനയുള്ള ഭക്ഷണത്തിന്റെ ഒരു പ്രധാനഭാഗമായി കിഴക്കൻ ഭാഗങ്ങളിലുള്ളവർക്കു ദിവസവും കിട്ടത്തക്കവിധത്തിൽ ഏർപ്പാടു ചെയ്യണം. അതിനു ഗവണ്മെണ്ടു് ഒരു സപ്ലിമെന്ററി ഗ്രാന്റു കൊണ്ടുവന്നോ മറ്റോ എങ്ങിനെയെങ്കിലും കിഴക്കൻ ഭാഗങ്ങളിലുള്ളവർക്കു ദിവസേന മത്സ്യം കിട്ടാറാക്കണം. ആ കാര്യത്തിൽ പ്രധാനമന്ത്രിയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. അതിലും പ്രധാനമായി ഇപ്പോൾ കിഴക്കൻ ഭാഗങ്ങളിൽധാരാളം—Forest-area എന്നുപറയുന്ന—കൃഷിക്കു കൊള്ളാവുന്ന സ്ഥലങ്ങളുണ്ടു്. അവിടെ കാലെടുത്തു കുത്തിയാൽ ഉടനെ ഫാറസ്റ്റുകാരുടെ പരാതിയായി. വളരെക്കാലമായി. ഞങ്ങളും അതിനെക്കുറിച്ചു പറയുന്നു. ഫാറസ്റ്റിനുവേണ്ട സ്ഥലങ്ങളും ഫാറസ്റ്റാക്കുക, കൃഷിക്കുവേണ്ട സ്ഥലങ്ങളും കൃഷിക്കുപയോഗിക്കുക, ഇപ്പോൾ ആനമല റോഡും മാങ്ങാമല റോഡും മറ്റും വന്നിട്ടുള്ളതുകൊണ്ടു ആ ഭാഗങ്ങളിലുള്ള സ്ഥലങ്ങളും ജനങ്ങൾക്കു പതിച്ചു കൊടുക്കാൻ കഴിയുന്നപക്ഷം അതുകൊണ്ടു ജനങ്ങൾക്കു തൊഴിലുണ്ടാകും, കൂടുതൽ നെല്ലുകിട്ടും. ഒരു വഴിക്കു ഗവണ്മെണ്ടിനു പണമുണ്ടാക്കാനും സാധിക്കും. അതുകൊണ്ടു റിസർവ്വ് ഫാറസ്റ്റിൽ കൃഷിക്കു കൊള്ളാവുന്ന സ്ഥലങ്ങളും ജനങ്ങൾക്കു പതിച്ചുകൊടുക്കണം ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

Mr. President: Before the House rise, I have to make an announcement that the Government have given the assent to the amendments to the Standing Orders and therefore, the House will meet from to-morrow onwards at 3 P. M. except on Saturdays as provided in the amendments to the Standing Orders. The House stands adjourned till 3 P. M. to-morrow.

The House rose for the day at 5 P. M.

N. I. OUSEPH
Secretary

LIBRARY ARCHIVES Kerala Legislative Assembly